"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

മൃഗസംരക്ഷണ വകുപ്പ് - ലൈവ് സ്റ്റോക്ക് ഹെൽത്ത് ആൻഡ് ഡിസീസ് കൺട്രോൾ പദ്ധതി - ESVHD-(MVU) 2026-27 - ആദ്യ ഗഡു (Mother Sanction) കേന്ദ്ര വിഹിതവും ആനുപാതിക സംസ്ഥാനവിഹിതവും റിലീസ് ചെയ്യുന്നതിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**മൃഗസംരക്ഷണ (ജി) വകുപ്പ്**

സ.ഉ.(സാധാ) നം.404/2026/AHD തീയതി, തിരുവനന്തപുരം, 03-08-2026

---

പരാമർശം:- 1. 10/06/2026-ലെ K-11/68/2022-LH നമ്പർ കേന്ദ്ര സർക്കാർ കത്ത്

2. മ്യൃഗസംരക്ഷണ വകുപ്പ് ഡയറക്ടറുടെ 24/06/2026 തീയതിയിലെ AHD/2463/2026-B1 നമ്പർ കത്ത്

3. 26/11/2024 ലെ Implementation of SNA SPARSH യോഗ മിനിട്സ്

4 28/07/2026 ലെ സ.ഉ (സാധാ) നം. 6065./2026/ധന ഉത്തരവ്

**ഉത്തരവ്**

പരാമർശം(1) പ്രകാരം 2026-27 സാമ്പത്തിക വർഷത്തെ ലൈവ്സ്റ്റോക്ക് ഹെൽത്ത് ആൻഡ് ഡിസീസ് കൺട്രോൾ പദ്ധതിയുടെ കീഴിൽ വരുന്ന മൊബൈൽ വെറ്ററിനറി യൂണിറ്റിന്റെ (MVU) ആദ്യ ഗഡു (Mother Sanction) ആയി ₹1,49,04,000/- രൂപ (ഒരു കോടി നാൽപ്പത്തിയൊൻപത് ലക്ഷത്തി നാലായിരം രൂപ മാത്രം) കേന്ദ്ര വിഹിതം ലഭ്യമായിട്ടുണ്ട്. 60:40 അനുപാതത്തിൽ കേന്ദ്ര വിഹിതമായി ജനറൽ വിഭാഗത്തിൽ ₹133.86 ലക്ഷം രൂപയും, SCSP വിഭാഗത്തിൽ ₹13.34 ലക്ഷം രൂപയും, TSP വിഭാഗത്തിൽ ₹1.84 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്. 2026-27 സാമ്പത്തിക വർഷം 2403-00-101-65 (01) പ്ലാൻ ശീർഷകത്തിൽ ₹525 ലക്ഷം രൂപ കേന്ദ്ര വിഹിതമായും, 2403-00-101-65 (02) പ്ലാൻ ശീർഷകത്തിൽ ₹350 ലക്ഷം രൂപ സംസ്ഥാന വിഹിതമായും ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

ആയതിനാൽ, കേന്ദ്ര സർക്കാർ അനുവദിച്ച ₹1,49,04,000/- രൂപയും അതിന് ആനുപാതികമായ ₹99,35,999/- രൂപ സംസ്ഥാന വിഹിതവും ചേർത്ത് ആകെ ₹2,48,39,999/- രൂപ (രണ്ട് കോടി നാൽപ്പത്തിയെട്ട് ലക്ഷത്തി മുപ്പത്തൊമ്പതിനായിരത്തി തൊള്ളായിരത്തി തൊണ്ണൂറ്റി ഒമ്പത് രൂപ

മാത്രം) താഴെ പറയുന്ന ബജറ്റ് ശീർഷകങ്ങളിൽ നിന്നും അനുവദിച്ച് നൽകണമെന്ന് മൃഗസംരക്ഷണ വകുപ്പ് ഡയറക്ടർ പരാമർശം (2) പ്രകാരം അഭ്യർത്ഥിച്ചിരിക്കുന്നു. മൊബൈൽ വെറ്ററിനറി യൂണിറ്റിന്റെ (MVU) കേന്ദ്രസംസ്ഥാന വിഹിതങ്ങൾ അനുവദിക്കേണ്ടതിന്റെ വിശദാംശങ്ങൾ ചുവടെ നൽകിയിരിക്കുന്നു.

(Rs. in Lakhs):

| Component | Central Share (60%) | State Share (40%) | Total Amount |
|---|---|---|---|
| General | 133.86 | 89.24 | 223.10 |
| SCSP | 13.34 | 8.89333 | 22.23333 |
| TSP | 1.84 | 1.22666 | 3.06666 |
| Total | 149.04 | 99.35999 | 248.39999 |

| COMPONENT | CENTRAL HEAD OF ACCOUNT | STATE HEAD OF ACCOUNT |
|---|---|---|
| GENERAL | 2403-00-101-62-01-00-00-PV | 2403-00-101-62-02-00-00-PV |
| SCSP | 2403-00-789-92-01-00-00-PV | 2403-00-789-92-02-00-00-PV |
| TSP | 2403-00-796-92-01-00-00-PV | 2403-00-796-92-02-00-00-PV |

പരാമർശം (3) പ്രകാരം SNA SPARSH പ്ലാറ്റ്ഫോമിൽ 60:40 ഘടകത്തിൽ കേന്ദ്ര ഹെഡ് ഓഫ് അക്കൗണ്ടിൽ (01) വരുന്ന തുകയുടെ ബില്ലുകളും ബന്ധപ്പെട്ട സംസ്ഥാന ഹെഡ് ഓഫ് അക്കൗണ്ടിൽ (02) നിന്നാണ് തയ്യാറാക്കേണ്ടത് എന്നതിനാൽ 01 ഹെഡ് ഓഫ് അക്കൗണ്ടിൽ നിന്നും തുക റീ-അപ്രോപ്രിയേഷൻ വഴി 02 ഹെഡ് ഓഫ് അക്കൗണ്ടിലേക്ക് അനുവദിച്ച് നൽകി, മൊബൈൽ വെറ്ററിനറി യൂണിറ്റിനായി (MVU) യിൽ ആരംഭിച്ചിട്ടുള്ള SNA SPARSH അക്കൗണ്ട് വഴി (അക്കൗണ്ട് പേര്:GOKLSPARSH LH AND DC MVU അക്കൗണ്ട് നമ്പർ: 01585701093) ചെലവഴിക്കുന്നതിനുള്ള ഭരണാനുമതി നൽകണമെന്നും പരാമർശം (2) പ്രകാരം ഡയറക്ടർ അഭ്യർത്ഥിച്ചിരിക്കുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ലൈവ് സ്റ്റോക്ക് ഹെൽത്ത് ആൻഡ് ഡിസീസ്

കൺട്രോൾ പദ്ധതിയുടെ കീഴിൽ വരുന്ന മൊബൈൽ വെറ്ററിനറി യൂണിറ്റ് (MVU) 2026-27 ന്റെ ആദ്യ ഗഡുവിന്റെ കേന്ദ്ര വിഹിതവും ആയതിന്റെ ആനുപാതിക സംസ്ഥാന വിഹിതവും അനുവദിക്കുന്നതിനായി ₹2,48,41,000/-രൂപ ധനപുനർവിനിയോഗം മുഖേന അനുവദിച്ച് കൊണ്ട് പരമാർശം (4) പ്രകാരം ഉത്തരവായിട്ടുള്ളതിനാൽ, ലൈവ് സ്റ്റോക്ക് ഹെൽത്ത് ആൻഡ് ഡിസീസ് കൺട്രോൾ പദ്ധതി - ESVHD-(MVU) 2026-27 - ആദ്യ ഗഡു (Mother Sanction) കേന്ദ്ര വിഹിതവും ആനുപാതിക സംസ്ഥാനവിഹിതവും റിലീസ് ചെയ്യുന്നതിനും പരാമർശം (2) പ്രകാരം മൊബൈൽ വെറ്ററിനറി യൂണിറ്റിനായി (MVU) യിൽ ആരംഭിച്ചിട്ടുള്ള SNA SPARSH അക്കൗണ്ട് വഴി -അക്കൗണ്ട് പേര്:GOKLSPARSH LH AND DC MVU അക്കൗണ്ട് നമ്പർ: 01585701093 ചെലവഴിക്കുന്നതിനുമുള്ള അനുമതി നൽകി ഉത്തരവാകുന്നു.

3. 24.05.2021-ലെ ധനകാര്യ വകുപ്പിന്റെ സർക്കുലർ നമ്പർ 44/2021-Fin-ൽ വ്യവസ്ഥ ചെയ്തിട്ടുള്ള നിബന്ധനകളും PFMS/SNA സംബന്ധിച്ച നിലവിലുള്ള മറ്റ് ഉത്തരവുകളും മൃഗസംരക്ഷണ വകുപ്പ് ഡയറക്ടർ പാലിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ഷീബ ജോർജ് ഐ എ എസ്

സ്പെഷ്യൽ സെക്രട്ടറി

ഡയറക്ടർ, മൃഗസംരക്ഷണ വകുപ്പ്, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ)/ഓഡിറ്റ്) കേരള, തിരുവനന്തപുരം

ധനകാര്യ വകുപ്പ് (Agri-B1/321/2026-FIN)

ട്രഷറി ഡയറക്ടർ, തിരുവനന്തപുരം

ഇൻഫർമേഷൻ ഓഫീസർ (വെബ് & ന്യൂ മീഡിയ)

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി (G1/151/2026-AH )

ഉത്തരവിൻ പ്രകാരം

Digitally signed by
Resmi R S
Date: 03-08-2026
16:47:58

സെക്ഷൻ ഓഫീസർ

പകർപ്പ് :-ബഹു: മൃഗസംരക്ഷണ ക്ഷീരവികസന വകുപ്പ മന്ത്രിയുടെ പി.എസ്-ന് മൃഗസംരക്ഷണ ക്ഷീരവികസന വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ സി.എയ്ക്ക്

മൃഗസംരക്ഷണ വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ സി.എയ്ക്ക്